# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1040** **30.10.2019 ലെ മറുപടി**

## നദീജലസംഭരണികൾ

**ചോദ്യം**

ശ്രീ.ബി.ഡി. ദേവസ്സി
,, കാരാട്ട് റസാഖ്
,, രാജു എബ്രഹാം
,, പി.കെ. ശശി :

**മറുപടി**

കെ. കൃഷ്ണൻകുട്ടി
(ജലവിഭവ വകുപ്പമന്ത്രി)

(എ) വേനൽക്കാലങ്ങളിൽ സംസ്ഥാനം നേരിടുന്ന രൂക്ഷമായ വരൾച്ചയെ പ്രതിരോധിക്കുന്നതിനായി ഗോവയുടെ മാതൃകയിൽ നദീജലസംഭരണികൾ പണിയാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(എ) 2016-17- ൽ വരൾച്ചയുമായി ബന്ധപ്പെട്ട് ജില്ലകളിലെ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശത്തിന്റെ ഭാഗമായിട്ടാണ് ബന്ധാരകളുടെ നിർമ്മാണം എന്ന ആശയം മുന്നോട്ടു വന്നത്. ഇതു നടപ്പിലാക്കുന്നതിന് മുൻപായി പൈലറ്റ് പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട് . കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ M L A ഫണ്ട് ഉപയോഗിച്ച് പരീക്ഷണ അടിസ്ഥാനത്തിൽ ബന്ധാര നിർമ്മാണം നടന്നു വരുന്നു . ഇതു കൂടാതെ, കേരളത്തിലെ 20 നദികളിൽ റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി കിഫ്ബിയിൽ വകയിരുത്തിയിട്ടുള്ള 600 കോടി രൂപയിൽ നിന്നും താഴെപ്പറയുന്ന 4 ജില്ലകളിലെ 5 നദികളിൽ 175 കോടി രൂപ ചെലവിൽ പൈലറ്റ് പദ്ധതിയായി ബന്ധാരകൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള അനുമതി സ.ഉ(സാധാ)നം. 609/2018/ജ.വി.വ, തീയതി. 18/08/2018 പ്രകാരം സർക്കാർ നൽകിയിട്ടുണ്ട്.

1. പാലക്കാട് ജില്ല - ഭവാനി, തൂതപ്പുഴ നദീതടങ്ങൾ
2. കാസർഗോഡ് - ചന്ദ്രഗിരി നദീതടം
3. വയനാട് ജില്ല - പനമരം നദീതടം
4. പത്തനംതിട്ട - അച്ചൻകോവിൽ നദീതടം

പര്യവേക്ഷണം നടത്തി ഡിസൈൻ ലഭ്യമാക്കിയ ശേഷം വിശദമായ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുണ്ട്.

(ബി) ഇത്തരം പദ്ധതികളിലൂടെ നദികളിൽ എത്ര അളവ് വെള്ളം ശേഖരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ബന്ധാരകൾ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തെ നദിയുടെ വീതി, ക്രോസ്സ് സെക്ഷൻ അളവുകൾ, നിർമിതിയുടെ ഉയരം, ബെഡ് സ്ലോപ്പ് എന്നിവ കണക്കാക്കിയാൽ മാത്രമേ എത്ര അളവ് ജലം ശേഖരിക്കുവാൻ കഴിയുമെന്ന് അറിയാൻ സാധിക്കുകയുള്ളൂ. ഇത്തരം ജലസംഭരണികളിൽ പുഴയ്ക്കുള്ളിൽ ഒതുങ്ങി നിൽക്കത്തക്ക രീതിയിലാണ് ഇവയുടെ ജലസംഭരണം സാധ്യമാകുന്നത്. നദിയുടെ വീതി, ആഴം, ചരിവ് എന്നിവയ്ക്കനുസരണമായി ഇവയിൽ ജലം സംഭരിക്കാൻ കഴിയും. ഒരേ പുഴയിൽ ചരിവ് പരിഗണിച്ചുകൊണ്ട് ഒന്നിലധികം ബന്ധാരകൾ ഇടവിട്ട് സ്ഥാപിക്കുന്നതിലൂടെ കൂടുതൽ ജലം സംഭരിച്ച് നിർത്താൻ കഴിയും. വേനൽക്കാലത്ത് ജലം സംഭരിച്ച് നിർത്തുന്ന ബന്ധാരകളുടെ ഷട്ടറുകൾ മഴക്കാലത്ത് പൂർണ്ണമായും എടുത്തുമാറ്റി പുഴയുടെ സ്വാഭാവിക നീരൊഴുക്ക് സാധ്യമാക്കാൻ കഴിയും എന്നതാണ് ഇവയുടെ പ്രത്യേകത.

(സി) ഹരിത കേരള മിഷനുമായി സഹകരിച്ചുകൊണ്ടാണോ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) ഹരിതകേരളം മിഷന്റെ 4 -മത്തെ ടാസ്ക് ഫോഴ്സ് മീറ്റിംഗ് തീരുമാനപ്രകാരം IDRB ചീഫ് എഞ്ചിനീയർ ചെയർപേഴ്സൺ ആയ ഒരു കമ്മിറ്റി ബന്ധാര പോലുള്ള നിർമ്മാണങ്ങൾ നടത്തുന്നത് സംബന്ധിച്ച് പഠിക്കുന്നതിനായി രൂപീകരിക്കുകയുണ്ടായി. .

(ഡി) നദികളിലും തോടുകളിലും മാലിന്യങ്ങൾ വലിച്ചെറിഞ്ഞ് ജലം മലിനമാക്കുന്നവർക്കെതിരെ എന്തെല്ലാം കർശന നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

(ഡി) നദികളും പുഴകളും മലിനീകരിക്കുന്നവർക്കെതിരെയുള്ള ശിക്ഷാനടപടികൾ കർശനമാക്കി കൊണ്ട് ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ആക്ട് നിലവിലുണ്ട്. ഇതനുസരിച്ച് ജലസ്രോതസുകൾ മലിനീകരിക്കുന്നവർക്കെതിരെയുള്ള തടവ് ശിക്ഷയുടെ കാലാവധി ചുരുങ്ങിയത് ഒരു വർഷവും, പരമാവധി മൂന്ന് വർഷമോ, പരമാവധി രണ്ടു ലക്ഷം രൂപ പിഴയോ ചുമത്താവുന്നതാണ്.

സെക്ഷൻ ഓഫീസർ